സാക്ഷരകേരളത്തിന്റെ ആദ്യാക്ഷരം

23
ജനുവരി 2012
തിങ്കൾ
1187 മകരം 9

DEEPIKA
ദീപിക
കോട്ടയം
THE FIRST MALAYALAM DAILY ESTD 1887

വിശ്വാസ്യതയുടെ
125
വർഷങ്ങൾ

കോട്ടയം, തൃശൂർ, കണ്ണൂർ, കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് | www.deepika.com | പേജ് 12 വില ₹3.50

മൂന്നാറിൽ ഒഴിപ്പിക്കലിനു റവന്യൂ മന്ത്രിയുടെ രണ്ടാംവരവ്

മൂന്നാർ: മൂന്നാറിനെ ഭൂമാഫിയയിൽനിന്നും കൈയേറ്റങ്ങളിൽനിന്നും ഒഴിപ്പിക്കാൻ റവന്യൂമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ വീണ്ടും എത്തുന്നു. ആറുമാസംമുമ്പു റവന്യൂമന്ത്രി എത്തി കൈയേറ്റക്കാർക്കെതിരേ കർശന നടപടി സ്വീകരിച്ചതാണ്. അന്നു പൂർത്തിയാകാതിരുന്ന ഒഴിപ്പിക്കലും ഭൂമിസംരക്ഷണവും പൂർത്തിയാക്കാനാണു മന്ത്രി വീണ്ടും എത്തുന്നത്.

ഇന്നു വൈകുന്നേരം മൂന്നാറിലെത്തുന്ന മന്ത്രി പൊതുമരാമത്ത് ഗസ്റ്റ് ഹൗസിൽ താമസിക്കും. തുടർന്ന് ഉദ്യോഗസ്ഥരുമായി ചർച്ച. മുമ്പ് ഒഴിപ്പിച്ച സ്ഥലങ്ങളിലെ കൈയേറ്റങ്ങളും പുതിയ കൈയേറ്റങ്ങളുമാണു മന്ത്രിയെ കാത്തിരിക്കുന്നത്. രാജ്യത്തെ ഭൂനിയമം തീരെ പാലിക്കപ്പെടാത്തതും സർക്കാർ ഭൂമിക്ക് ഒട്ടും സംരക്ഷണം ഇല്ലാത്തതുമായ പ്രദേശമായി മൂന്നാർ തുടരു ബോൾ മന്ത്രിസന്ദർശനങ്ങളുടെ അർഥം തന്നെ നഷ്ടമാവുകയാണ്.

ഗസ്റ്റ് ഹൗസിന്റെ ജനാല തുറന്നാൽത്തന്നെ കൈയേറ്റത്തിന്റെ അഞ്ചുനിലമാളിക കാണാം. മൂന്നാറിൽ മൂന്നുനിലയിലേറെ ഉയരത്തിൽ കെട്ടിടം നിർമിക്കാൻ ചട്ടങ്ങൾ അനുവദിക്കുന്നില്ല. കഴിഞ്ഞ സന്ദർശനത്തിൽ മന്ത്രി ഒഴിപ്പിച്ച സ്ഥലങ്ങളിൽ സർക്കാർ ബോർഡു സ്ഥാപിച്ചാണ് അടയാളം വച്ചിരുന്നത്. ഇന്ന് അടയാളങ്ങൾ ഒന്നും അവശേഷിച്ചിട്ടില്ല. കുറ്റിയാർവാലിയിൽ തോട്ടം തൊഴിലാളികളുടെ പേരിലാണു വ്യാപകമായ വനം കൈയേറ്റംതന്നെ നടത്തിയിരിക്കുന്നത്. ആനയിറങ്കൽ ഡാമിന്റെ കാച്മെന്റ് ഏരിയയിൽ കൈയേറ്റം വർധിച്ചിട്ടുമുണ്ട്. സർക്കാർ മുറപോലെ കൈ യേറ്റം ഒഴിപ്പിക്കൽ നടക്കുമ്പോൾ മുറപോലെ തന്നെ കൈയേറ്റവും നടത്തുകയാണിവിടെ.

പാർവതിമല, മാട്ടുപ്പെട്ടി, ലക്ഷ്മി, പോതമേട്, പള്ളിവാസൽ മേഖലകളിലും കൈയേറ്റം വ്യാപകമായി നടക്കുന്നു. ഇവിടെ വനങ്ങൾ വെട്ടിനശിപ്പിച്ചു റിസോർട്ടുകൾ ഉയർത്തുകയാണ്. പള്ളിവാസലിൽ പെൻസ്റ്റോക്ക് പൈപ്പിനു സമീപം വ്യാജരേഖ ചമച്ചാണു ഭൂമികൈയേറ്റവും റിസോർട്ട് നിർമാണവും നടക്കുന്നത്.

മൂന്നാർ മുരുകൻ ക്ഷേത്രത്തിനു സമീപം ഏക്കർകണക്കിനു സ്ഥലമാണു കൈയേറിയിരിക്കുന്നത്. മൂന്നാർ കൈയേറ്റം ഒഴിപ്പിക്കാനെത്തി ടാറ്റയുടെ എസ്റ്റേറ്റിലെ ചെക്ക്ഡാമിൽ കമ്പ് കുത്തിനോക്കി കൈയേറ്റം സ്ഥിരീകരിച്ചവരുംബുൾഡോസർ ഇറക്കി ഇടിച്ചുനിരത്തി കൈയേറ്റം ഒഴിപ്പിച്ചവരുമൊക്കെ വന്നുപോയതൊഴിച്ചാൽ ഇവിടെ ഭൂമികൈയേറ്റക്കാർക്കു വിലങ്ങണിയിക്കാൻ ആർക്കും കഴിയുന്നില്ലെന്നത് സാധാരണ മലയാളികളെ നാണംകെടുത്തുകയാണ്.

ആറാമതും കോഴിക്കോട് ഒന്നാമത്

തുടർക്കിരീടം: തൃശൂരിൽ സമാപിച്ച സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കിരീടം സ്വന്തമാക്കിയ കോഴിക്കോട് ടീം സ്വർണക്കപ്പുമായി ആഹ്ലാദപ്രകടനം നടത്തുന്നു

തൃശൂർ: സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കോഴിക്കോടിനു തുടർച്ചയായ ആറാം കിരീടം. 810 പോയിന്റുനേടിയാണു കോഴിക്കോട് ആറാം തവണ സ്വർണക്കപ്പ് സ്വന്തമാക്കിയത്. ഇഞ്ചോടിഞ്ചു പോരാട്ടത്തിൽ മലപ്പുറത്തെ(776) മൂന്നു പോയിന്റുകൾക്കു പിന്തള്ളി ആതിഥേയരായ തൃശൂർ(779) രണ്ടാമതെത്തി. കണ്ണൂർ(775), പാലക്കാട് (767) എന്നിവരാണ് അടുത്ത സ്ഥാനങ്ങളിൽ.

മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി കോഴിക്കോടിനു നൂറ്റിപ്പതിനേഴര പവന്റെ സ്വർണക്കപ്പ് സമ്മാനിച്ചു. ഹൈസ്കൂൾ വിഭാഗത്തിലും ഹയർസെക്കൻഡറി വിഭാഗത്തിലും കോഴിക്കോടു തന്നെയാണ് ഒന്നാമത്. ഹയർ സെക്കൻഡറി വിഭാഗത്തിൽ തൃശൂരിനാണു രണ്ടാംസ്ഥാനം. ഹൈസ്കൂൾ വിഭാഗത്തിൽ മലപ്പുറം രണ്ടാമതെത്തി. അറബിക് കലോത്സവത്തിൽ കോഴിക്കോടും മലപ്പുറവും പാലക്കാടും 95 പോയിന്റുമായി ഒന്നാമതെത്തി. സംസ്കൃതകലോത്സവത്തിൽ 93 പോയിന്റുമായി മലപ്പുറവും തൃശൂരും ഒന്നാം സ്ഥാനം പങ്കിട്ടു.

ഹൈസ്കൂൾ വിഭാഗത്തിൽ 81 പോയിന്റു നേടി പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം എച്ച്എസ്എസ് ഏറ്റവും മികച്ച സ്കൂളായി. കണ്ണൂർ സെന്റ് തെരേസാസ് എഐഎച്ച്എസ്എസാണു രണ്ടാമത്; 75 പോയിന്റ്.

കോഴിക്കോട് സെന്റ് ജോസഫ്സ് ആംഗ്ലോ ഇന്ത്യൻ ഗേൾസ് എച്ച്എസ്എസും തിരുവനന്തപുരം കാർമൽ ഇഎം ഗേൾസ് എച്ച്എസ്എസും കൊല്ലം തൃപ്പിലാഴിക്കം ലിറ്റിൽ ഫ്ളവർ എച്ച്എസും തൊട്ടടുത്ത സ്ഥാനങ്ങളിലുണ്ട്.

ഹയർസെക്കൻഡറി വിഭാഗത്തിൽ കാസർഗോഡ് കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസാണ്(137) ഒന്നാമത്. കോഴിക്കോട് സിൽവർ ഹിൽസ് എച്ച്എസ്എസ്(98), ഇടുക്കി കുമാരമംഗലം എംകെഎൻഎംഎച്ച്എസ്(86), പാലക്കാട് ആലത്തൂർ ബിഎസ്എസ് ഗുരുകുലം എച്ച്എസ്എസ്(74), കോട്ടയം ളാക്കാട്ടൂർ എംജിഎംഎൻഎസ്എസ് എച്ച്എസ്(68) എന്നിവയാണു തുടർന്നുള്ള നാലു സ്ഥാനങ്ങളിൽ.

കാഞ്ഞങ്ങാട് ദുർഗ എച്ച്എസ്എസിനാണു സംസ്കൃതോത്സവത്തിൽ ഒന്നാം സ്ഥാനം. പത്തനംതിട്ട കോന്നി പിഎസ്‌വിപിഎം എച്ച്എസ്എസാണ് അറബിക് കലോത്സവത്തിൽ ആദ്യമെത്തിയത്.

പോയിന്റു നില

കോഴിക്കോട്	-810
തൃശൂർ	-779
മലപ്പുറം	-776
കണ്ണൂർ	-775
പാലക്കാട്	-767
കോട്ടയം	-745
എറണാകുളം	-739
തിരുവനന്തപുരം	-735
ആലപ്പുഴ	-706
കാസർകോഡ്	-698
കൊല്ലം	-688
വയനാട്	-650
പത്തനംതിട്ട	-648
ഇടുക്കി	-568

കേന്ദ്ര ജലനയത്തിന്റെ കരടു തയാറായി

വെള്ളത്തിനു സബ്സിഡി വേണ്ടെന്നു ശിപാർശ

● അവശ്യ സർവീസുകൾ സ്വകാര്യ ഏജൻസികളെ ഏല്പിക്കണം

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: കുടിവെള്ളത്തിനും ജലസേചനത്തിനും നൽകുന്ന സബ്സിഡികൾ പൂർണമായി ഇല്ലാതാക്കണമെന്നു ദേശീയ കരട് ജലനയത്തിൽ ശിപാർശ. കുടിവെള്ളം, വൈദ്യുതി എന്നീ അവശ്യ സർവീസുകളിൽ നിന്നു സർക്കാർ പിൻവാങ്ങി, അവ സ്വകാര്യ ഏജൻസികളെ ഏല്പിക്കണമെന്നും നിർദേശിച്ചിട്ടുണ്ട്.

വൈദ്യുതിവില യുക്തിസഹമായി ഉയർത്തുന്നതിനു താരിഫ് റെഗുലേറ്ററി കമ്മീഷനുകൾക്കു മേൽ സംസ്ഥാന സർക്കാരുകളുടെ പരോക്ഷ ഇടപെടൽ ഇല്ലാതാക്കണമെന്ന് ആസൂത്രണ കമ്മീഷൻ നിയോഗിച്ച വി.കെ. ശുംഗ്ലു കമ്മിറ്റി ശിപാർശ ചെയ്തു. മുൻ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലാണ് (സിഎജി)ശുംഗ്ലു.

വൈദ്യുതിയുടെയും വെള്ളത്തിന്റെയും വില ചെലവിന് അനുസരിച്ച് ഈടാക്കണമെന്നും ജലവിതരണത്തിൽനിന്നു സർക്കാർ പൂർണമായും പിന്മാറിക്കൊണ്ട് സ്വകാര്യ ഏജൻസികളെ ഏല്പിക്കണമെന്നും ദേശീയ ജലനയത്തിന്റെ കരടിൽ പറയുന്നു.

ജലവിതരണത്തിനു ചെലവാകുന്ന തുക ഉപയോക്താക്കളിൽ നിന്നുപിരിച്ചെടുക്കുക, കുടിവെള്ളവിതരണത്തിനു പശ്ചാത്തല സൗകര്യമൊരുക്കുന്ന കാര്യത്തിൽ മാത്രം ഇടപെടുക, വിതരണം സ്വകാര്യ ഏജൻസികളെയും പ്രാദേശിക സമൂഹങ്ങളെയും ഏല്പിക്കുക തുടങ്ങിയ നിർദേശങ്ങൾ കരടു ജലനയത്തിലുണ്ട്. വിപണിയിൽ മത്സരക്ഷമത ഉറപ്പാക്കി എല്ലാ പൗരന്മാർക്കും ഗുണനിലവാരമുള്ള ജലംലഭ്യമാക്കണം. പക്ഷേ ജലത്തിന്റെ വിലയും വിപണിയുടെ തീർപ്പിനു വിടാനാണു ശിപാർശ. എന്നാൽ ഭക്ഷ്യസുരക്ഷാ നിയമത്തിന്റെ മാതൃകയിൽ ശുദ്ധമായ കുടിവെള്ളത്തിനുള്ള പൗരന്റെ അവകാശം നിയമമാക്കണമെന്ന് 15 പേജുള്ള കരടു ജല നയരേഖയിൽ നിർദേശമില്ല. കരടു രേഖയിന്മേൽ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചന തുടങ്ങി. അന്തർ സംസ്ഥാന ജല തർക്കങ്ങൾ പരിഹരിക്കാൻ കേന്ദ്രത്തിൽ സ്ഥിരം ട്രൈബ്യൂണൽ രൂപവത്കരിക്കാനും നിർദേശിച്ചിട്ടുണ്ട്. അണക്കെട്ടുകൾ, കനാലുകൾ എന്നിവ അടക്കമുള്ള ജലപദ്ധതികൾക്കായി കുടിയൊഴിപ്പിക്കുന്നവർക്ക് അർഹമായ നഷ്ടപരിഹാരം ഉറപ്പാക്കുകയും ഇവരെ വികസനത്തിൽ പങ്കാളികളാക്കുകയും വേണം. എന്നാൽ പുനരധിവാസത്തിനു ചെലവാകുന്ന തുകയുടെ ഒരു ഭാഗം ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കാമെന്നും കരടു ജലനയം ശിപാർശ ചെയ്തിട്ടുണ്ട്.

വൈദ്യുതിയുടെ കാര്യത്തിൽ ഉത്പാദനച്ചെലവിന് ആനുപാതികമായ വിലനിർണയം ഉറപ്പാക്കണമെന്നാണു വി.കെ.ശുംഗ്ലു ചെയർമാനായ സമിതിയുടെ നിർദേശം. താരിഫ് റെഗുലേറ്ററി കമ്മീഷനുകൾ സംസ്ഥാന സർക്കാരുകളുടെ സമ്മർദത്തിനു വഴങ്ങി യുക്തിസഹമായ വില നിർണയം നടത്തുന്നില്ല.

ഈ രീതി മാറ്റി കമ്മീഷനെ പൂർണമായും സ്വതന്ത്രമാക്കണം. കമ്മീഷനുകളുടെ ഘടന ഉടച്ചുവാർക്കണമെന്നും നിർദേശിച്ചിട്ടുണ്ട്. ഹൈക്കോടതി സിറ്റിംഗ് ജഡ്ജി ചെയർമാനും കേന്ദ്ര താരിഫ് റെഗുലേറ്ററി കമ്മീഷനംഗം, ചീഫ് സെക്രട്ടറി, മറ്റേതെങ്കിലും സംസ്ഥാനത്തെ പിഎസ്സി അംഗം എന്നിവർ അംഗങ്ങളും ആകുന്ന വിധത്തിലായിരിക്കണം പുതിയ റഗുലേറ്ററി കമ്മിഷനുകൾ രൂപവത്കരിക്കേണ്ടത്.

പുതിയ നയം നടപ്പായാൽ വെള്ളത്തിനും വൈദ്യുതിക്കും പൊതുജനങ്ങൾ വൻ തുക കൊടുക്കേണ്ടി വരും. അവശ്യസർവീസുകൾ വിപണിസമവാക്യങ്ങൾക്കും സ്വകാര്യമേഖലയ്ക്കും വിട്ടുകൊടുക്കുന്നത് ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാക്കുമെന്ന് ഈ രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാട്ടി.

രാജാക്കാടു സ്വദേശി എസ്റ്റേറ്റ് സൂപ്പർവൈസർ കൊല്ലപ്പെട്ട നിലയിൽ

പെരുമ്പാവൂർ: വേങ്ങൂർ കോഴിക്കോട്ടുകുളങ്ങരയിൽ ഷിൽവ്യൂ എസ്റ്റേറ്റിലെ സൂപ്പർവൈസറെ വെട്ടിക്കൊന്ന നിലയിൽ കണ്ടെത്തി. ഇടുക്കി രാജാക്കാട് പന്ന്യാർകുട്ടി കുളത്തറകുഴി തോമസിന്റെ മകൻ ടിനു തോമസാണു (32) മരിച്ചത്.

ഇന്നലെ പുലർച്ചെ എസ്റ്റേറ്റിലെ വീട്ടുമുറ്റത്തു ജഡം കണ്ടെത്തുകയായിരുന്നു. പൂർണ നഗ്നനായ നിലയിൽ കിടന്ന ടിനുവിന്റെ തലയ്ക്കും കഴുത്തിനും ആഴമേറിയ വെട്ടേറ്റിട്ടുണ്ട്. മുതുകിലും കാലിലും വെട്ടേറ്റ പാടുണ്ട്.

എറണാകുളം സ്വദേശിനിയായ മറിയാമ്മ മാമ്മന്റെ 60 ഏക്കർ സ്ഥലത്തിന്റെ സൂപ്പർവൈസറായി ടിനു ജോലിയിൽ പ്രവേശിച്ചിട്ട് അഞ്ചുമാസം കഴിഞ്ഞു. ഇന്നലെ രാവിലെ മരം വെട്ടുകാരാണു മൃതദേഹം ആദ്യം കണ്ടത്. സംഭവസ്ഥലത്തു റൂറൽ എസ്പി കെ.പി. ഫിലിപ്, ഡിവൈഎസ്പി കെ. ഹരികൃഷ്ണൻ, സിഐ ക്രിസ്പിൻ സാം എന്നിവരെത്തി അന്വേഷണം തുടങ്ങി.

ടിനു തോമസ്

വിരലട യാള വിദഗ്ധരും ഡോഗ് സ്ക്വാഡുമെത്തി പരിശോധന നടത്തി. പോസ്റ്റ്മോർട്ടം നടത്തുന്നതിനായി മൃതദേഹം ആലപ്പുഴയിലേക്കു മാറ്റി. പോസ്റ്റ്മോർട്ടത്തിനു ശേഷമേ വ്യക്തമായ വിവരങ്ങൾ പറയാനാകൂവെന്നു പോലീസ് വ്യക്തമാക്കി. ക്വട്ടേഷൻ സംഘങ്ങളെ കേന്ദ്രീകരിച്ചാണ് അന്വേഷണം.

അച്ചാമ്മയാണു ടിനുവിന്റെ മാതാവ്. സഹോദരങ്ങൾ: ഷിനോ, ലിനി, ലിനോ.

കേരള സ്ട്രൈക്കേഴ്സിനു പത്തു വിക്കറ്റ് ജയം

കൊച്ചി: സെലിബ്രിറ്റി ക്രിക്കറ്റ് ലീഗിൽ മുംബൈ ഹീറോസിനെതിനെതിരേ കേരള സ്ട്രൈക്കേഴ്സിനു വിജയം. മുംബൈ ഹീറോസിനെ 10 വിക്കറ്റിനാണ് കേരളം തകർത്തത്. രാജീവ് പിള്ളയുടെ (75–നോട്ടൗട്ട്)ബാറ്റിംഗും, ബിനീഷ് കോടിയേരിയുടെ (നാലു വിക്കറ്റ്) ബൗളിംഗുമാണ് കേരളത്തിനു വിജയം സമ്മാനിച്ചത്. ആദ്യം ബാറ്റ് ചെയ്ത മുംബൈ ടീം 20 ഓവറിൽ 9 വിക്കറ്റിനു 128 റൺസെടുത്തു. മറുപടി ബാറ്റിംഗിനിറങ്ങിയ കേരളം വിക്കറ്റൊന്നും നഷ്ടപ്പെടാതെ 129 റൺസ് നേടി.

[illegible]
കൃഷ്ണ തുളസി
കഫ്സിറപ്പ്
ചുമ, ജലദോഷം, തുമ്മൽ, കഫക്കെട്ട് എന്നുമാകട്ടെ വീട്ടിൽ കരുതൂ
MVM
MVM Ayurvedic Research Lab
Pooyappally P.O., Kollam Ph: 0474-2463788
www.krishnathulsi.com
R1201-183258, R1201-183257

നഗരമധ്യത്തിൽ വീട്ടമ്മയെ കൊലപ്പെടുത്തിയ പ്രതി അറസ്റ്റിൽ

● പ്രതി വീട്ടമ്മയുടെ ബന്ധുവായ കശാപ്പുകാരൻ

കോട്ടയം: നഗരമധ്യത്തിൽ വീട്ടമ്മയെ പട്ടാപ്പകൽ ക്രൂരമായി കൊലപ്പെടുത്തി ആഭരണങ്ങൾ കവർന്ന കേസിലെ പ്രതി അറസ്റ്റിൽ. വീട്ടമ്മയുടെ ബന്ധുവായ അരീപ്പറമ്പ് വടക്കേമുറിയിൽ ഷാജൻ മാത്യുവിനെയാണു (45) പ്രത്യേക അന്വേഷണ സംഘം അറസ്റ്റു ചെയ്തത്. നാഗമ്പടം കൊപ്പുഴക്കടവ് ഇളപ്പുങ്കൽ പരേതനായ ഇ.വി. മത്തായിയുടെ ഭാര്യ തങ്കമ്മയെ (75) കൊലപ്പെടുത്തിയ കേസിലാണ് അറസ്റ്റ്.

ഷാജൻ മാത്യു

കഴിഞ്ഞ ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 3.30-നാണു തങ്കമ്മയെ തലയ്ക്കടിയേറ്റ് രക്തം വാർന്നു മരിച്ച നിലയിൽ വീടിനുള്ളിൽ കണ്ടെത്തിയത്. സംഭവദിവസം വീട്ടിലെത്തിയ ഷാജൻ ആവശ്യപ്പെട്ട 500 രൂപ നല്കാതിരുന്നതിനെത്തുടർന്നു കോടാലി ഉപയോഗിച്ചു തങ്കമ്മയെ അടിച്ചുവീഴ്ത്തുകയായിരുന്നുവെന്നു ജില്ലാപോലീസ് ചീഫ് സി. രാജഗോപാൽ പറഞ്ഞു. നേരത്തേ അമ്മയുടെ അരീപ്പറമ്പിലെ വീടിനു തീയിട്ട കേസിൽ മൂന്നര വർഷം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ഷാജനു കശാപ്പു ജോലിയാണ്.

കൊല്ലപ്പെട്ട തങ്കമ്മയുടെ പിതാവിന്റെ സഹോദരിയുടെ മകളുടെ മകനാണു ഷാജൻ. കൊലപാതകം നടന്ന 17-നു രാവിലെ പതിനൊന്നോടെ തങ്കമ്മയുടെ വീട്ടിലെത്തിയ ഷാജൻ അവിടെ വിശ്രമിച്ചു. ഭാര്യയുമായി താൻയോജിപ്പിലല്ലെന്ന കാര്യം തങ്കമ്മയെ അറിയിച്ചു. ഇതേത്തുടർന്ന് ഷാജനിൽനിന്ന് ഭാര്യയുടെ മൊബൈൽ നമ്പർ വാങ്ങി തങ്കമ്മ അവരെ വിളിച്ചിരുന്നു. തങ്കമ്മയുടെ ലാൻഡ്ഫോണിൽനിന്നു വിളിച്ച ഈ കോളിന്റെ വിശദാംശങ്ങളാണു പോലീസ് അന്വേഷണത്തിൽ നിർണായകമായത്.

കൊലപാതകത്തിനുശേഷം തങ്കമ്മയുടെ വീട്ടിൽനിന്ന് ഇറങ്ങിയ ഷാജൻ നാഗമ്പടത്തും, പിന്നീട് കോട്ടയം കെഎസ്ആർടിസി സ്റ്റാൻഡിനു സമീപമുള്ള മദ്യശാലകളിലും എത്തി മദ്യപിച്ചശേഷം പത്തനംതിട്ടയിലേക്കു പോയി. ഇതിനിടിയിൽ ഇയാൾ ഭാര്യയെ ഫോണിൽ വിളിച്ചിരുന്നു. തങ്കമ്മയിൽ നിന്നു കവർന്ന ആഭരണങ്ങൾ കോട്ടയത്തിനു സമീപമുള്ള സ്ഥാപനത്തിൽ പണയപ്പെടുത്തിയശേഷം പണവുമായി ഇയാൾ ഇന്നലെ വരെ കറങ്ങിനടക്കുകയായിരുന്നു.

ഇന്നലെ ഉച്ചയോടെ അരീപ്പറമ്പിലെ വീട്ടിൽനിന്നാണു അറസ്റ്റു ചെയ്തതെന്ന് പോലീസ് ചീഫ് സി. രാജഗോപാൽ പറഞ്ഞു. ഇയാൾ പണയപ്പെടുത്തിയ ആഭരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. പണയംവച്ച് ലഭിച്ചതെന്നു കരുതുന്ന 22500 രൂപ പോലീസ് കണ്ടെത്തിയിട്ടുണ്ട്. പ്രതിയെ ഇന്നു കോടതിയിൽ ഹാജരാക്കും.

ഡിവൈഎസ്പി പി.ഡി. രാധാകൃഷ്ണ പിള്ളയുടെ മേൽനോട്ടത്തിൽ സിഐമാരായ എ.ജെ. തോമസ്, ഷാജു ജോസ്, റിജോ പി. ജോസഫ് എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണു പ്രതിയെ അറസ്റ്റു ചെയ്തത്.

അഴീക്കോടിന്റെ നില അതീവ ഗുരുതരം; മുഖ്യമന്ത്രി സന്ദർശിച്ചു

സ്വന്തംലേഖകൻ

അമലനഗർ: ഡോ. സുകുമാർ അഴീക്കോടിന്റെ ആരോഗ്യനില അതീവ ഗുരുതരമെന്നു മെഡിക്കൽ ബുള്ളറ്റിൻ. അദ്ദേഹത്തെ ചികിത്സിക്കുന്ന മെഡിക്കൽ വിദഗ്ധർ പുറത്തിറക്കിയ വാർത്താ ബുള്ളറ്റിനിലാണ് ആരോഗ്യവിവരം പുറത്തുവിട്ടിട്ടുള്ളത്. ഡോ. ടി.ഗോപിനാഥിന്റെ നേതൃത്വത്തിലുള്ള സംഘം അദ്ദേഹത്തെ നിരീക്ഷിച്ചുവരുന്നു.

ശനിയാഴ്ച വൈകിട്ടോടെ അഴീക്കോടിന്റെ ആരോഗ്യനില വഷളാകുകയും അദ്ദേഹം അബോധാവസ്ഥയിലാകുകയുമായിരുന്നു. ഇന്നലെ രാവിലെ മുതൽ രക്തസമ്മർദം കുറഞ്ഞുവരുന്നതായും അധികൃതർ വ്യക്തമാക്കി. കൂടുതൽ ജാഗ്രതയോടെ, ജീവൻരക്ഷാഔഷധങ്ങളുടെ പിൻബല ത്തോ ടെ ചികിത്സ തുടരുന്നതായും ഡോക്ടർമാരുടെ സംഘം അറിയിച്ചു.

അഴീക്കോടിനെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സന്ദർശിച്ചു. ഡോക്ടർമാരുമായി മുഖ്യമന്ത്രി ചർച്ച നടത്തി. വിദ്യാഭ്യാസമന്ത്രി പി.കെ. അബ്ദു റബ്, സഹകരണമന്ത്രി സി.എൻ. ബാലകൃഷ്ണൻ, മന്ത്രി ഡോ. എം.കെ. മുനീർ, പി.സി. ചാക്കോ എംപി, പി.കെ. ബിജു എംപി, മേയർ ഐ.പി. പോൾ, മുൻമന്ത്രി തോമസ് ഐസക്, ബാബു എം. പാലിശേരി എംഎൽഎ, എം.പി. വിൻസെന്റ് എംഎൽഎ, വി.എസ്. സുനിൽകുമാർ എംഎൽഎ, തേറമ്പിൽ രാമകൃഷ്ണൻ എംഎൽഎ, കളക്ടർ പി.എം. ഫ്രാൻസീസ്, സിപിഎം ജില്ലാ സെക്രട്ടറി എ.സി. മൊയ്തീൻ തുടങ്ങിയവർ അഴീക്കോടിനെ സന്ദർശിച്ചു.

DIAMOND
23RD JAN - 05TH FEB SHOW
Free gold coins for every purchase worth Rs. 50000
(except promotional pendant sets)
Visit Mine Diamond Show – Indulge in the luxury of choice, glamour, exclusive opportunities and offers:
- Get special prices for bridal, solitaire, light weight, platinum and men's diamond jewellery
- Preview a rare sautoir necklace studded with 7615 rough & polished diamonds totalling 1400 carats worn on the Oscars Red Carpet
- Free maintenance of existing diamond jewellery during the exhibition
- Daily wear diamond pendant sets from Rs. 38,500 onwards

mine
diamonds unlimited
An exclusive offering from
MALABAR GOLD
All diamonds are EF Color, VVS Clarity, Round Brilliant Cut • Certified by International Gemological Institute (IGI)
• Buyback Guarantee • One Year Free Insurance Coverage • Lifetime Free Maintenance
Venue: Malabar Gold - Baker Junction, Kottayam. Tel: 2562916
Z1201-181263